ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 308 സബ് രജിസ്ട്രാർ ഓഫീസുകളിൽ 178 എണ്ണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. 90 ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം അവസാനഘട്ടത്തിലാണ്.

(ബി) ഉണ്ട്.

(സി) വെബ്സൈറ്റ് സ്ഥാപിക്കുന്നതിലൂടെ രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിക്കുന്ന പൊതുവായ വിവരങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നതാണ്. സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാകുന്നുണ്ട്.

കമ്പ്യൂട്ടർവൽക്കരിച്ച സബ് രജിസ്ട്രാർ ഓഫീസുകളുടെ എണ്ണം

46(1522) ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർണ്ണമായും കമ്പ്യൂട്ടർവർക്കരിച്ച സബ് രജിസ്ട്രാർ ആഫീസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സബ് രജിസ്ട്രാർ ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) സംസ്ഥാനത്തെ 308 സബ് രജിസ്ട്രാർ ഓഫീസുകളിൽ 178 എണ്ണം കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. 90 സബ് രജിസ്ട്രാർ ഓഫീസുകളിൽ കൂടി ഈ സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

47(1523) ശ്രീ. നാലകത്ത് സൂപ്പി:

ശ്രീ. പി. കെ. കെ. ബാവ:

ശ്രീ. സി. മോയിൻകുട്ടി:

ശ്രീ. ടി. പി. എം. സാഹിർ:

ശ്രീ. പി. കെ. അബ്ദുറബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം - VII

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്താനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇവയുടെ കമ്പ്യൂട്ടർവൽക്കരണം എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് അറിയിക്കാമോ;

(ഡി) ഇതിനായി എന്തു തുക വേണ്ടിവരും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) 130 ഓഫീസുകളിൽ ഇനി കമ്പ്യൂട്ടർവൽക്കരണം നടത്തുന്നുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 90 സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം ഈ സാമ്പത്തിക വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അവശേഷിക്കുന്ന 40 ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം 2006-ാം വർഷം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 3 കോടി 20 ലക്ഷം രൂപ ചെലവ് ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

അഴിയൂർ രജിസ്ട്രാർ ഓഫീസിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

48(1524) ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലെ അഴിയൂർ സബ്രജിസ്ട്രാർ ഓഫീസിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവ്മൂലം രജിസ്ട്രേഷൻ പ്രവർത്തനങ്ങളിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഈ ആഫീസിൽ നികത്തപ്പെടാനായി ഒഴിവുകളൊന്നും നിലവിലില്ല.

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly